www.prepp.in

Prepp
Your Personal Exams Guide

UPSC CSE 2018 MAINS PAPER 6 OCTOBER 07, 2018 MALAYALAM LITERATURE OPTIONAL PAPER - I QUESTION PAPER



# മലയാളം / MALAYALAM

## പേപ്പർ I / Paper I

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന് മണിക്കൂർ**
Time Allowed : **Three Hours**

പരമാവധി മാർക്ക് : **250**
Maximum Marks : **250**

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരു വിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതാണ്.

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്ക് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യോത്തര ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

www.prepp.in

Prepp Your Personal Exams Guide

## SECTION A

**Q1.** **ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) മലയാളഭാഷയുടെ ഉത്ഭവത്തെപ്പറ്റിയുള്ള എൽ.വി. രാമസ്വാമി അയ്യരുടെ നിരീക്ഷണങ്ങൾ എന്തെല്ലാം ? *10*

(b) 'ഇരവിക്കുട്ടിപ്പിള്ളപ്പോരി'ലെ ഭാഷയുടെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുക. *10*

(c) "ശാസനങ്ങളിലെ ഭാഷ അതിന്റെ നിർമ്മാണകാലത്തെ വ്യവഹാരഭാഷാരീതിയെ പ്രതിനിധാനം ചെയ്യുന്നു." ഈ അഭിപ്രായം പരിശോധിക്കുക. *10*

(d) പുരാണം കൃതികളെ ജനകീയമാക്കിയതിൽ അവയിലെ ഭാഷയ്ക്കുള്ള പങ്കെന്തായിരുന്നു ? *10*

(e) മലയാളത്തിൽ 'പരസ്യഭാഷ' എന്ന് ഒന്നുണ്ടോ ? സ്വമതം സ്ഥാപിക്കുക. *10*

**Q2.** (a) 'കേരളപാണിനീയ'ത്തിലെ ആറു് നയങ്ങളുടെ സ്വീകാര്യത പരിശോധിക്കുക. *20*

(b) 'ഉണ്ണുനീലിസന്ദേശം', 'ചന്ദ്രോത്സവം' എന്നീ കാവ്യങ്ങൾ മുൻനിറുത്തി മണിപ്രവാളത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിശദമാക്കുക. *15*

(c) 'കണ്ണശ്ശരാമായണ'ത്തിൽനിന്നും 'കൃഷ്ണഗാഥ'യിലേക്കെത്തുമ്പോൾ ഭാഷയ്ക്ക് സംഭവിച്ച മാറ്റങ്ങൾ എന്തെല്ലാം ? *15*

www.prepp.in

Prepp
Your Personal Exams Guide

**Q3.** (a) 'ഭാഷാകൗടലീയ'ത്തിൽനിന്നും 'ബ്രഹ്മാണ്ഡപുരാണ'ത്തിലേയ്ക്ക് വരുമ്പോൾ മലയാള ഗദ്യഭാഷയ്ക്ക് സംഭവിച്ച പരിണാമത്തിന്റെ സ്വഭാവം പരിശോധിക്കുക. *20*

(b) ഉണ്ണായിവാര്യരുടെ കാവ്യഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക. *15*

(c) ചമ്പുക്കളിലെ ഭാഷാസ്വഭാവത്തെക്കുറിച്ച് പ്രതിപാദിക്കുക. *15*

**Q4.** (a) 'എഴുത്തച്ഛൻ; ആധുനിക മലയാളഭാഷയുടെ പിതാവ്' ഈ വാദഗതിയുടെ സാധുത പരിശോധിക്കുക. *20*

(b) മലയാളവ്യാകരണത്തിന് വിദേശ മിഷണറിമാർ നൽകിയ സംഭാവനകൾ വിലയിരുത്തുക. *15*

(c) ഭാഷാ പരിപോഷണത്തിന് ടെലിവിഷൻ ചാനലുകളിലെ മലയാളം ഉപകരിക്കുന്നുണ്ടോ ? ചർച്ച ചെയ്യുക. *15*

www.prepp.in

## SECTION B

**Q5.** **ഓരോ ചോദ്യത്തിനും നൂറ്റമ്പത് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) മലയാളത്തിലെ ശ്രദ്ധേയമായ ആദ്യത്തെ സാഹിത്യകൃതി 'രാമചരിത'മാണ് എന്ന അഭിപ്രായം സ്വീകാര്യമോ ? എന്തുകൊണ്ട് ? *10*

(b) തുള്ളൽക്കവിതകളിലെ ലോകോക്തികളും സാരോപദേശങ്ങളും പരിചയപ്പെടുത്തുക. *10*

(c) വെൺമണി പ്രസ്ഥാനത്തിന്റെ അപചയത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുക. *10*

(d) 'ആശാൻ ആശയഗംഭീരൻ' എന്ന ചൊല്ലിനെ സാധൂകരിക്കുന്നതിനുള്ള തെളിവുകൾ നിരത്തുക. *10*

(e) മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പൊതുസ്വഭാവം വിവരിക്കുക. *10*

**Q6.** (a) 'കേരളത്തിന്റെ സംസ്കാരിക ജീർണ്ണത പ്രതിഫലിപ്പിക്കുന്നവയാണ് മണിപ്രവാളകൃതികൾ'. ഈ പരാമർശം ശരിയോ ? ചർച്ചചെയ്യുക. *20*

(b) വടക്കൻ പാട്ടുകളിൽ ദൃശ്യമാകുന്ന കേരളീയ സമുദായത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ? *15*

(c) 'മഹാകാവ്യങ്ങൾ മലയാളത്തിൽ' എന്ന വിഷയത്തെപ്പറ്റി ഉപന്യസിക്കുക. *15*

Prepp
Your Personal Exams Guide

**Q7.** (a) 'പുതിയ കവിതയുടെ ആത്മഭാവങ്ങൾ വ്യഞ്ജിപ്പിക്കുന്നവയാണ് റഫീക്ക് അഹമ്മദ്, എസ്. ജോസഫ്, അൻവർ അലി എന്നിവരുടെ കവിതകൾ. പരിശോധിക്കുക. 20

(b) ഒ.എൻ.വി.യുടെ 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിതയുടെ സമകാലിക പ്രസക്തി വിലയിരുത്തുക. 15

(c) 'ആത്മകഥാസാഹിത്യം മലയാളത്തിൽ' എന്ന വിഷയത്തെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക. 15

**Q8.** (a) "സങ്കീർണ്ണമായ ജീവിത സന്ദർഭങ്ങളെയും അപൂർവ്വങ്ങളായ വ്യക്തിത്വങ്ങളെയും ആവിഷ്കരിക്കുന്നതിൽ സി.വി. പ്രകടിപ്പിച്ച മികവാണ് അദ്ദേഹത്തിന്റെ നോവലുകളെ ആകർഷകമാക്കുന്നത്." നിരൂപിക്കുക. 20

(b) സി.എൻ. ശ്രീകണ്ഠൻനായരുടെ രാമായണനാടകത്രയം ചർച്ചയ്ക്ക് വിധേയമാക്കുക. 15

(c) മാരാരുടെയും മുണ്ടശ്ശേരിയുടെയും നിരൂപണരീതി താരതമ്യം ചെയ്യുക. 15